(ബി) ഇതുസംബന്ധിച്ച് നബാർഡ് പ്രതിനിധികളുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തിയിരുന്നുവോ ;

(സി) കാർഷികരംഗത്ത് ഏതൊക്കെ മേഖലകളിലാണ് പ്രധാനമായും വായ്പാപദ്ധതി ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ നിർത്തടപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും മേൽമണ്ണ് ഒലിച്ചുപോകുന്നത് തടയുന്നതിനുമായി നബാർഡുമായി ചേർന്ന് പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാർഷിക അനുബന്ധ മേഖലയ്ക്ക് 54 കോടി രൂപയുടെ പദ്ധതികൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നടത്തിയിരുന്നു.

(സി) ഭൂവികസനം, ഫാമുകളുടെ യന്ത്രവൽക്കരണം, തോട്ടവിളയും പച്ചക്കറി കൃഷിയും, സ്റ്റോറേജ് ഗോഡൗണും മാർക്കറ്റ് യാർഡ് എന്നീ മേഖലകളിൽ.

(ഡി) 2010-11 സാമ്പത്തിക വർഷം RIDF XVI-ൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 13 പദ്ധതികൾ നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

210 (1174) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുണ്ടുകൃഷിഭൂമികളുള്ള കർഷകരുടെ കൂട്ടായ്മയിലൂടെ കൃഷി നടത്താനുള്ള എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കർഷക തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ കാർഷിക മേഖലയിലെ കഠിനമായ പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. കേന്ദ്ര പദ്ധതിയായ ചെറുകിട യന്ത്രവത്ക്കരണം, കാർഷിക യന്ത്രവത്ക്കരണം എന്നീ രണ്ട് പദ്ധതികളിലായി 120.00 ലക്ഷം രൂപയും, സംസ്ഥാന പദ്ധതിയായ കാർഷിക യന്ത്രവല്ക്കരണത്തിന് 200.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ട്രാക്ടർ, ടില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ, തെങ്ങ് കയറ്റ ഉപകരണങ്ങൾ, സ്പ്രെയറുകൾ എന്നിവ കർഷക സമിതികൾക്ക് സബ്സിഡി വ്യവസ്ഥയിൽ നൽകി വരുന്നു.

(ബി) തുണ്ട് കൃഷി ഭൂമിയുള്ള പച്ചക്കറി, നെല്ല്, തെങ്ങ് കൃഷിക്കാരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൃഷി ആദായകരമാക്കുക എന്നതാണ് ലക്ഷ്യം. ഉൽപ്പാദനോപാധികൾ സംഭരിക്കുന്നതിനും പരിശീലനം നൽകുന്നതിനും കാർഷിക യന്ത്രവൽക്കരണത്തിനും ഗ്രൂപ്പ് അടിസ്ഥാനത്തിൽ കർഷകരുടെ കൂട്ടായ്മയിലൂടെ മാത്രമേ പ്രസ്തുത പദ്ധതികൾ നടത്തുവാൻ സാധിക്കുകയുള്ളൂ.

(സി) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് കാർഷിക യന്ത്രവൽക്കരണത്തിൽ ഊന്നൽ നൽകി കൊണ്ട് സർവ്വകലാശാല ഗവേഷണ പദ്ധതികളും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 'ക്ഷേത്ര സുരക്ഷാസേന' പ്രവർത്തിച്ചുവരുന്നു. ഇതുവഴി കാർഷിക യന്ത്രവൽക്കരണത്തിലും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളിലും പരിശീലനം നൽകുകയും, പരിശീലനം നേടിയവരുടെ സേവനം കൃഷിക്കാർക്കു ലഭ്യമാക്കുകയും ചെയ്യുന്നു.

പ്രത്യേക നെൽക്കൃഷി മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

211 (1175) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. ഹംസ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക നെൽക്കൃഷി മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly